പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1954 14.08.2017 -ൽ മറുപടിക്ക്.

## ഭക്ഷണ പദാർത്ഥങ്ങളുടെ വില നിശ്ചയിക്കുന്നതിന് സംവിധാനം

| ചോദ്യം<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണപദാർത്ഥങ്ങൾക്ക് തോന്നിയപോലെ വില ഈടാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം വില ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് സ്ഥിരമായി റദ്ദു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;<br>(ബി) ഭക്ഷണപദാർത്ഥങ്ങൾക്ക് വില നിശ്ചയിക്കുന്നതിനായി ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുമോ ;<br>(സി) ഒരേ ആഹാര സാധനത്തിന് ഓരോ ഹോട്ടലുകളിലും ഓരോ വിലയാണ് നിശ്ചയിക്കുന്നതെന്ന കാര്യം വകുപ്പ് പരിശോധിക്കുമോ ; | (എ), (ബി) & (സി) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകികൃത നിരക്ക് നിശ്ചയിച്ചിട്ടില്ല. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമം ഇല്ല. എന്നാൽ അവശ്യ സാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിൽ ഒരേ ഭക്ഷണത്തിന്റെ വിലയിൽത്തന്നെ നേരിയ വ്യത്യാസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതും, ഉറപ്പ് വരുത്തുന്നതും, ടി സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതും ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിലാണ് വില ഈടാക്കുന്നത്. ആയതിനാൽ തന്നെ ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്ന തിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10.08.2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. എന്നാൽ ആയത് നിയമം മൂലം ഏകീകരിക്കുന്നതിന് സാധ്യത ഇല്ലെന്നും അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നത്. |

(ഡി) ഭക്ഷണപദാർത്ഥങ്ങൾക്ക് വില നിശ്ചയിക്കുന്നതിനായി എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തുയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; മാനദണ്ഡം പാലിക്കാതെ വില നിശ്ചയിക്കുന്ന ഹോട്ടലുകളുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിലെ നിയമം അനുസരിച്ച് ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിർബന്ധമുണ്ട്. ഇത് ഉറപ്പ് വരുത്താനായും വില വിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണസാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇത്തരത്തിൽ ലൈസൻസ് റദ്ദ് ചെയ്ത ഹോട്ടലുകളുടെ വിശദവിവരം ലഭ്യമാക്കുമോ

(ഇ) ഈ വകുപ്പിൽ ലഭ്യമല്ല.

**സെക്ഷൻ ഓഫീസർ**